# സന്ധ്യ




മൂകയായ് നില്പൂ സന്ധ്യ ;
        നീയുമിന്നൊരു സന്ധ്യ-
പോലെയെന്നരികത്തു
        ചേർന്നു നില്ക്കുകയല്ലോ.

ഈക്കടൽത്തിരകളിൽ,
        വെൺമണൽ വിരിപ്പിൻമേൽ
മാഞ്ഞു പോകുന്നൂ പദ-
        മുദ്രകൾ ; കുളിരാർന്നൊ-

രീക്കടൽക്കാറ്റും നീയും
        ഞാനുമീവാനും മൂകം
നോക്കിനില്ക്കുന്നൂ ശബ-
        ളാഭമീ സായംസന്ധ്യ.

എന്തിനു മിഴികളെൻ
        നേർക്കുയർത്തുന്നൂ നീ? യെ-
ന്നുള്ളിലെ പ്രശാന്തത
        തന്നഗാധതകളിൽ

മുത്തുകൾ മുങ്ങിത്തപ്പി
        വാരുവാനറിയാതെ
എന്നുമീക്കടൽക്കര-
        യികൽ ഞാനലയുന്നു .

സ്വപ്നഭൂമികളുടെ
        താഴ്‌വരത്തടങ്ങളിൽ
സ്വർഗ ഗംഗയിലേതോ
        ജലകന്യക പോലെ
ഈറനായ് നില്പൂ സന്ധ്യ ;
        പെയ്യുവാൻ വിങ്ങിത്താണ
മേഘമായ് നില്ക്കുന്നു നീ-
        യെന്നിൽ ഞാനറിയാതെ. •